# ആശുപത്രികളിലേക്ക് ഗൗണുകൾ തയ്യാറാക്കി നൽകി വയനാട്

കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെയും ചികിത്സയുടെയും ഭാഗമാകുന്ന വയനാട് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകർക്ക് പ്രത്യേക ഗൗണുകളും ക്യാപ്പുകളും നിർമ്മിച്ച് നൽകി കുടുംബശ്രീ വയനാട് ജില്ലാമിഷൻ. ഈ മാസം ആദ്യമാണ് ജില്ലാ ഭരണകൂടം വിവിധ ആശുപത്രികളിലെ ഡോക്ടർമാർ, നേഴ്സുമാർ, അറ്റൻഡർമാർ, ലാബ് ടെക്നീഷ്യന്മാർ തുടങ്ങിയവർക്കായി ഗൗണുകളും ക്യാപ്പുകളും തയ്യാറാക്കി നൽകാനുള്ള ഓർഡർ കുടുംബശ്രീ ജില്ലാമിഷന് നൽകുന്നത്. ഇതനുസരിച്ച് 1700 ഓളം ആരോഗ്യപ്രവർത്തകർക്ക് വേണ്ടി 3500 ഗൗണുകളും ക്യാപ്പുകളും തയ്യാറാക്കി ജില്ലാ ഭരണകൂടത്തിന് കൈമാറി.

മുട്ടിൽ ഫാഷൻ നെറ്റ്, കണിയാമ്പറ്റ ചേല അപ്പാരൽ പാർക്ക് എന്നീ തയ്യൽ യൂണിറ്റുകളാണ് ഗൗണുകളും ക്യാപ്പുകളും തയ്യാറാക്കി നൽകുന്നത്. സാധാരണയായി 250 രൂപയാണ് ഗൗണുകൾ തയ്ച്ച് നൽകാനായി ഈടാക്കുന്ന തുക. എന്നാൽ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് വെറും 60 രൂപ മാത്രമാണ് ഗൗൺ തയ്ച്ച് നൽകുന്നതിന് ജില്ലാമിഷൻ ഈടാക്കുന്നത്.

കൊറോണ വൈറസ് വ്യാപനം ആരംഭിച്ചപ്പോൾ മുതൽ ജില്ലയിൽ ഫേസ് മാസ്കുകൾ തയ്യാറാക്കി നൽകുന്ന പ്രവർത്തനങ്ങൾ ജില്ലയിലെ തയ്യൽ യൂണിറ്റുകൾ മുഖേന ആരംഭിച്ചിരുന്നു. ഏപ്രിൽ 12 വരെയുള്ള കണക്കുകൾ അനുസരിച്ച് 60,000ത്തോളം മാസ്കുകൾ ജില്ലകളിലെ തയ്യൽ യൂണിറ്റുകൾ തയ്യാറാക്കി നൽകിയിരുന്നു. ജില്ലയിൽ പത്ത് യൂണിറ്റുകളാണ് ഈ പ്രവർത്തനം നടത്തുന്നത്. കൂടാതെ 742 ലിറ്റർ ഹാൻഡ്

സാനിറ്റൈസറും ജില്ലയിൽ തയ്യാറാക്കി. സിവിൽ സപ്ലൈസ് വകുപ്പ് മുഖേന 87 ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യമായി ഭക്ഷണ കിറ്റ് നൽകുന്ന പ്രവർത്തനങ്ങൾക്കായി ജില്ലയിലെ 12 യൂണിറ്റുകൾ മുഖേന ഓർഡർ അനുസരിച്ച് തുണിസഞ്ചികളും സപ്ലൈകോയ്ക്ക് തയ്യാറാക്കി നൽകി.